## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **4608** — **26.10.2016-ൽ മറുപടിയ്ക്ക്**

## മതേതര മൂല്യങ്ങളുടെ ബോധവത്ക്കരണം

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. പി.സി. ജോർജ്** | **ശ്രീ. എ.കെ. ബാലൻ**<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) രാജ്യത്തെ പാർലമെന്ററി ജനാധിപത്യ സംവിധാനത്തിൽ, മതേതര മൂല്യങ്ങളുടെ പ്രാധാന്യത്തെ കേന്ദ്രീകരിച്ച് ബോധവത്ക്കരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) ഈ പദ്ധതിയിൽ വിദ്യാർത്ഥികളെയും യുവജനങ്ങളേയും കൂടുതലായി ഉൾപ്പെടുത്താൻ നടപടി സ്വീകരിയ്ക്കുമോ? | (എ)യും (ബി)യും രാജ്യത്തെ പാർലമെന്ററി ജനാധിപത്യ സംവിധാനത്തിൽ, മതേതര മൂല്യങ്ങളുടെ പ്രാധാന്യത്തെ കേന്ദ്രീകരിച്ച് ബോധവത്ക്കരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ 140 നിയോജകമണ്ഡലത്തിലെയും ഓരോ സ്കൂളുകളിൽ 'മതേതര ജനാധിപത്യം' എന്ന വിഷയത്തെ ആസ്പദമാക്കി പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നിലവിൽ സെമിനാറുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടുതൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ പദ്ധതി വിപുലപ്പെടുത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**